105 (607) 'അയിരൂർ' പഞ്ചായത്തിന്റെ 1999-2000 വർഷത്തേയ്ക്കുള്ള വികസന പദ്ധതി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ പഞ്ചായത്തിന്റെ 1999-2000 വർഷത്തേയ്ക്കുള്ള വികസന പദ്ധതി അംഗീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വർഷത്തേയ്ക്ക് എന്ത് തുകയാണ് നീക്കി വച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഇതിൽ ഓരോ മേഖലയ്ക്കും നീക്കിവച്ചിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കുമോ;

(ഡി) 1998-99 വർഷത്തിൽ പ്രസ്തുത പഞ്ചായത്തിന് പദ്ധതി വിഹിതമായി എന്തു തുക അനുവദിച്ചിരിക്കുന്നു;

(ഇ) ഇതിൽ എന്തു തുക ചെലവാക്കിയിട്ടുണ്ട്;

(എഫ്) പദ്ധതിവിഹിതമായി അനുവദിക്കുന്ന മുഴുവൻ തുകയും ചെലവാക്കാൻ പഞ്ചായത്തിന് നിർദ്ദേശം നൽകുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) 43.13 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ഓരോ മേഖലയ്ക്കും താഴെ ചേർക്കും പ്രകാരം വകയിരുത്തിയിട്ടുണ്ട്.

ഉൽപ്പാദനമേഖല - 12.94 ലക്ഷം രൂപ

സേവനമേഖല - 17.25 ലക്ഷം രൂപ

പശ്ചാത്തല മേഖല - 12.94 ലക്ഷം രൂപ

(ഡി) 39.18 ലക്ഷം രൂപ

(ഇ) 19.313 ലക്ഷം രൂപ

(എഫ്) അനുവദിക്കുന്ന മുഴുവൻ തുകയും ചെലവഴിക്കാൻ പഞ്ചായത്തിന് ബാദ്ധ്യതയുണ്ട്. പ്രത്യേക നിർദ്ദേശത്തിന്റെ ആവശ്യമില്ല. നിശ്ചിത ശതമാനം ചെലവഴിക്കാതിരുന്നാൽ അടുത്തവർഷത്തെ വിഹിതത്തിൽ നിന്നും കുറവ് വന്ന തുക കുറവു ചെയ്യുന്നതാണ്.

106 (608) ട്രിഡാ-എഞ്ചിനീയറിംഗ് സെക്ഷനിലെ നിയമനങ്ങൾ

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രിഡാ-എഞ്ചിനീയറിംഗ് സെക്ഷനിലെ ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ ഇപ്പോൾ എത്രപേർ ജോലി ചെയ്യുന്നു;

(ബി) ഇതിൽ നേരിട്ട് നിയമനം ലഭിച്ചവരും ഡെപ്യൂട്ടേഷൻകാരും എത്രയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ തസ്തികയിലേക്ക് എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഡി) ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാതെ ഡെപ്യൂട്ടേഷൻ വഴി മാത്രം നിയമനം നടത്തുന്നതിൽ ട്രിഡായ്ക്ക് എന്തു സാമ്പത്തിക നേട്ടമാണ് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സ്ഥാപനത്തിൽ നേരിട്ടും പ്രൊമോഷൻ വഴിയും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് നിശ്ചയിക്കപ്പെട്ടിരിക്കുന്ന അനുപാതം എത്രയെന്നും ഇത് പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(എഫ്) അസിസ്റ്റന്റ് എഞ്ചിനീയറിംഗ് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനുള്ള യോഗ്യതയും മാനദണ്ഡവും എന്താണ്;

(ജി) ഈ തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ടെങ്കിൽ യോഗ്യതയുള്ള ഓവർസിയർമാരെ എത്രയും വേഗം നിയമിക്കാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) ട്രിഡാ-എഞ്ചിനീയറിംഗ് സെക്ഷനിലെ ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ ഇപ്പോൾ രണ്ടുപേർ ജോലി ചെയ്യുന്നു.

(ബി) നേരിട്ടു നിയമനം ലഭിച്ച ഒരാളും ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ട ഒരാളും ഉണ്ട്.

(സി) ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ ഇപ്പോൾ ഒഴിവുകൾ നിലവിലില്ല.

(ഡി) ജോലികളുടെ സ്വഭാവവും, ആവശ്യകതയും കണക്കിലെടുത്താണ് ഓരോ തസ്തികയും നിയമനം നടത്തുന്നത്.

(ഇ)&(എഫ്) ഈ സ്ഥാപനത്തിൽ നേരിട്ടും പ്രൊമോഷൻ വഴിയും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് നിയമിക്കുന്നതിന് അനുപാതം നിശ്ചയിച്ചുകൊണ്ടുള്ള സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടില്ല. സ്പെഷ്യൽ റൂൾസിന്റെ അഭാവത്തിൽ മറ്റ് സർക്കാർ വകുപ്പുകളിലെ സമാന തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡവും യോഗ്യതയുമാണ് ഇവിടെയും സ്വീകരിച്ചു വരുന്നത്.

(ജി) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ഒരു ഒഴിവുണ്ട്. ഇതിലേക്ക് പ്രൊമോഷൻ നൽകാൻ യോഗ്യതയുള്ള ഓവർസിയർമാർ ട്രിഡയിൽ ഇല്ല.

107 (609) ഓവർസിയർമാരെ നിയമിക്കാൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളിൽ എത്ര ഓവർസിയർ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) അധികാര വികേന്ദ്രീകരണത്തിന്റെയും കെട്ടിട നിർമ്മാണ ചട്ടം കൂടുതൽ പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നതിന്റേയും ഭാഗമായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഓവർസിയർമാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;

(സി) ഓവർസിയർമാരുടെ അഭാവത്തിൽ സാങ്കേതിക സ്വഭാവമുള്ള ജോലികൾ നിർവഹിക്കുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് ബുദ്ധിമുട്ടുള്ളതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഓവർസിയർമാരെ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly